

തമ്പി ആന്റണി

# അമേരിക്ക അമേരിക്ക

ഇതൊരു പഴയ മലയാളം സിനിമയുടെ പേരാണ്. അമേരിക്കൻ ജീവിതത്തെപ്പറ്റി പറയുന്ന ആദ്യസിനിമയും ഇതുതന്നെയാണ് എന്നാണ് എന്റെ ഓർമ്മ. അതൊക്കെ സിനിമയിൽ. ഇനി നമുക്ക് അൽപ്പം യാഥാർത്ഥ്യത്തിലേക്ക് ഒന്നെത്തിനോക്കാം. ആദ്യമാദ്യം അമേരിക്കയിലേക്കുള്ള കുടിയേറ്റക്കാരിൽ അധികവും പഞ്ചാബികളായ കൃഷിക്കാർ ആയിരുന്നു. കാലിഫോർണിയയിൽ അവർ ഭൂരിപക്ഷം തിങ്ങിപ്പാർക്കുന്ന ഒരു സിറ്റിയുണ്ട്. യുബാ സിറ്റി. അവിടെച്ചെന്നാലും ഒരു പഞ്ചാബി ഗ്രാമംപോലെയേ ഇപ്പോഴും തോന്നുകയുള്ളൂ. ആദ്യകാല കുടിയേറ്റക്കാരിൽ ഇംഗ്ലീഷ് അറിയാത്തവർ ഇപ്പോഴുമുണ്ട് എന്നുപറഞ്ഞാൽ അവിശ്വസനീയമായി തോന്നാം. എന്നാൽ അവരുടെ രണ്ടാമത്തെയും മൂന്നാമത്തേയും തലമുറകൾ പഠിച്ചു മിടുക്കരായി ഡോക്ടറും എഞ്ചിനീയർമാരും ശാസ്ത്രജ്ഞൻമാരും ഒക്കെ ആയി ഇപ്പോൾ അമേരിക്കയുടെ പല ഭാഗങ്ങളിലും സ്ഥിരതാമസമാക്കിയിരിക്കുന്നു. പിന്നീടുവന്ന ഗുജറാത്തികൾ കൂടുതലും ഹോട്ടൽ ബിസ്സിനസ്സിലാണ് താൽപ്പര്യം കാണിച്ചത്. ഏതാണ്ടതേ സമയത്തുതന്നെ ഏതാണ്ട് അറുപതുകളുടെ തുടക്കം തൊട്ടാണ് കേരളത്തിൽനിന്ന് അമേരിക്കയിലേക്ക് കുടിയേറ്റം തുടങ്ങിയത്. ആദ്യമാദ്യം എഞ്ചിനീയറിംഗ്-മെഡിക്കൽ മേഖലകളിൽ പഠിക്കാൻ വന്നവരായിരുന്നു അധികവും. അതൊക്കെ വെറും വിരലിൽ എണ്ണാവുന്നവർ മാത്രം. പിന്നീടാണ് ഇറ്റലിവഴി, പാതിരിമാരുടെ പരിശ്രമംകൊണ്ട് നേഴ്സസ് യുഗം ആരംഭിക്കുന്നത്. അത് രണ്ടായിരാമാണ്ടുവരെ തുടർന്നുപോന്നു. അതായിരുന്നു ആ സമയത്തെ ഏറ്റവും വലിയ കുടിയേറ്റം. അതും കഴിഞ്ഞു ഐറ്റിക്കാർ വന്നതോടുകൂടി യുവജന കുടിയേറ്റം എണ്ണത്തിൽ എല്ലാവരെയും പിന്തള്ളി കൂടുതൽ ശക്തിപ്രാപിച്ചു. എണ്ണത്തിൽ ആന്ധ്രാക്കാരും തമിഴ്നാട്ടുകാരുമാണെങ്കിലും മലയാളികളുടെ ശക്തമായ സാന്നിദ്ധ്യമുണ്ട്. അതിപ്പോഴും തുടർന്നുപോകുന്നു. അതുകൊണ്ട് മലയാളികളുടെയും ഇന്ത്യാക്കാരുടെയും റെസ്റ്റോറന്റുകളുടെ എണ്ണവും ക്രമാതീത




മായി വർധിച്ചിട്ടുണ്ട്.

ഗൾഫ്‌രാജ്യങ്ങൾ നമുക്കായി എല്ലാ വാതിലുകളും തുറന്നിട്ടപ്പോഴും അമേരിക്ക അഭ്യസ്തവിദ്യരായ മലയാളികളുടെ സ്വർഗ്ഗഭൂമിയായി. അമേരിക്കയിൽ എത്തിയ കാലങ്ങളിൽ ഇതൊരു സ്വപ്നമാണോ ദുഃസ്വപ്നമായിരുന്നോ എന്നുപോലും തിരിച്ചറിയാൻതന്നെ ഞാൻ കുറച്ചു സമയമെടുത്തു. എൺപതുകളിൽ ഇവിടെ പഠിക്കാൻ വരുന്നവരുടെ സ്റ്റാറ്റസ് ആണ് "പുവർ സ്റ്റുഡന്റ്" അഥവാ പാവം വിദ്യാർത്ഥി. അതിന് അതിന്റേതായ കാരണങ്ങളുമുണ്ട്. ആ കഥകളൊക്കെ സ്റ്റുഡന്റ്‌വിസയിൽ അമേരിക്കയിൽ എത്തിയ എന്റെ ഭാര്യ പറഞ്ഞുതന്നെ കുറച്ചൊക്കെ എനിക്കറിയാം. താമസം ആരുടെകൂടെയെങ്കിലും ഷെയർ ചെയ്യാം എന്നു കരുതിയാൽപോലും ജോലിയും കൂലിയുമില്ലാത്ത ഒരു വിദ്യാർഥിക്കു സ്കോളർഷിപ്പോ വീട്ടുകാരുടെ സപ്പോർട്ടോ ഒക്കെ അത്യന്താപേക്ഷിതമാണ്. കോളേജ് ഡോർമെറ്ററിയിൽ പലപ്പോഴും ഫോറിൻ സ്റ്റുഡന്റ്സിനു റൂം കിട്ടാറില്ല. ഒറ്റക്കു താമസിക്കാമെന്നു തീരുമാനിച്ചാൽതന്നെ വാടകയൊക്കെ താങ്ങാവുന്നതിനപ്പുറമാണ്. ആണുങ്ങളായാൽ ഒളിച്ചും പാത്തും വല്ല പെട്രോൾ ബങ്കിലോ ഇൻഡ്യാക്കാരുടെ ഹോട്ടലുകളിലോ ജോലിചെയ്യാം. എന്നാൽ പെൺകുട്ടികളുടെ കാര്യമാണ് കഷ്ടം. ഒറ്റക്കാവുമ്പോൾ സുരക്ഷിതത്വവും ഒരു പ്രധാന ഘടകമാണല്ലോ. അതുകൊണ്ട് അവർ മിക്കവാറും ഏതെങ്കിലും പണക്കാരായ വല്യപ്പന്റെയൊ വല്യമ്മയുടെയോ വീട്ടുജോലിക്കായി ശ്രമിക്കുന്നു. താമസിക്കാൻ ഒരു കുടുസുമുറിയും അത്യാവശ്യം പോക്കറ്റ് മണിയും കിട്ടാൻ മറ്റു മാർഗ്ഗങ്ങൾ ഒന്നുംതന്നെയില്ല. അതും നല്ല അമ്മച്ചിമാരല്ലെങ്കിൽ അമ്മായിയമ്മപോരിനെക്കാളും കഷ്ടമാണ്. എന്തുചെയ്താലും പിറകെ നടന്നു കുറ്റം കണ്ടുപിടിക്കും. എന്നിട്ടു ശാപവാക്കുകൾക്ക് ഒരു കുറവും ഉണ്ടാവില്ല. എന്നാൽ പ്രേമക്കു കിട്ടിയ നെല്ലി വല്യമ്മ ഒരിക്കലും അങ്ങനെ ആയിരുന്നില്ല. സ്വന്തം മകളെപ്പോലെ പരിരക്ഷിച്ചിരുന്നു. അതുപിന്നെ നല്ലപോലെ സോപ്പിടാൻ അറിയാമെങ്കിൽ ആർക്കും സാധിക്കാവുന്ന കാര്യമാണ്.

“ ഗൾഫ്‌രാജ്യങ്ങൾ നമുക്കായി എല്ലാ വാതിലുകളും തുറന്നിട്ടപ്പോഴും അമേരിക്ക അഭ്യസ്തവിദ്യരായ മലയാളികളുടെ സ്വർഗ്ഗഭൂമിയായി. അമേരിക്കയിൽ എത്തിയ കാലങ്ങളിൽ ഇതൊരു സ്വപ്നമാണോ ദുഃസ്വപ്നമായിരുന്നോ എന്നുപോലും തിരിച്ചറിയാൻതന്നെ ഞാൻ കുറച്ചു സമയമെടുത്തു.

പിന്നെ സ്വന്തമായി ഒരു കാറില്ലാത്ത അവസ്ഥ. അത് തീർച്ചയായും ഒരു ദുരവസ്ഥ തന്നെയാണ്. പബ്ലിക്ക് ട്രാൻസ്പോർട്ടേഷൻ ഫലപ്രദമായി സിറ്റിയിൽ ഉണ്ടെങ്കിലും മറ്റെവിടെയെങ്കിലും പോകണമെങ്കിൽ ആരെയെങ്കിലും ആശ്രയിക്കാതെ പറ്റില്ല. അതുകൊണ്ടും, പഠിക്കാൻ ധാരാളം ഉള്ളതുകൊണ്ടും സോഷ്യൽ ലൈഫ് ഇല്ലെന്നുതന്നെ പറയാം. എല്ലാംകൊണ്ടും ആകെയൊരു ഒറ്റപ്പെടലിന്റെ എല്ലാ വേദനകളും ഈ പൂവർ സ്റ്റുഡന്റ്സ് സ്വയം കടിച്ചിറക്കുന്നു.

അങ്ങനെയുള്ള ഒരു അസന്തുലിതാവസ്ഥയിലാണ് പ്രേമ അടിയന്തിരമായി നാട്ടിലെത്തിയത്. അതുകൊണ്ടാണ് ഞങ്ങൾ കണ്ടുമുട്ടാനുള്ള സാഹചര്യം ഉണ്ടായതും. പ്രേമ അന്ന് യൂണിവേഴ്സിറ്റി ഓഫ് സാൻഫ്രാൻസിസ്കോയിൽ പഠിക്കുന്നു. ഞാൻ കോഴിക്കോട് പബ്ലിക്ക് വർക്ക് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് എൻജിനീയറാണ്. താമസം ആർ.ഇ.സിയിലെ ഗസ്റ്റ് ഹൗസിൽ ആയിരുന്നെങ്കിലും ഫീൽഡ് ഓഫീസ് വാഴക്കാടായിരുന്നു. അവിടെ എത്തുക എന്നതായിരുന്നു ഏറ്റവും ദുർഘടം മാവൂരിൽ ബസ്സിറങ്ങി ചാലിയാർപുഴ കടത്തുകടന്ന് നാലഞ്ചു കിലോമീറ്റർ നടക്കണം. ഞങ്ങൾ മൂന്ന് എഞ്ചിനീയഴ്സ് ആണ് ചാലിയാർഡാമിന്റെ ഇൻവെസ്റ്റിഗേഷനിൽ ഉണ്ടായിരുന്നത്. അരീക്കോട് ഇറിഗേഷൻ പ്രൊജക്റ്റ് എന്നായിരു



ന്നു ആ ഒരിക്കലും നടക്കാതിരുന്ന പ്രോജക്ടിന്റെ പേര്. അന്ന് എന്റെ ഒരു സീനിയർ എഞ്ചിനീയറായ രാമചന്ദ്രൻ കോഴിക്കോട് പരിതസ്ഥിതി വിഭാഗത്തിന്റെ ചീഫ് എഞ്ചിനീയർ ആണ്. അതുകൊണ്ട് രാമചന്ദ്രനും മിക്കപ്പോഴും ഞങ്ങളോടൊപ്പം സൗഹൃദകൂട്ടയ്മകളിൽ സജീവമായിരുന്നു. എഞ്ചിനീയർസ് ആയിട്ടും ഞങ്ങളുടെ ഈ സ്ഥിരമായുള്ള നടപ്പിലും കഷ്ടപ്പാടിലുമൊക്കെ രാമന് ഞങ്ങളോടൊക്കെ ഇത്തിരി സഹതാപം തോന്നിയിരുന്നു. എനിക്കതൊന്നും ഒരിക്കലും ഒരു ബുദ്ധിമുട്ടായി തോന്നിയിട്ടില്ലായിരുന്നു എന്നതാണ് സത്യം. വാരാന്ത്യത്തിലെ വൈകുന്നേരങ്ങളിൽ മിക്കവാറും ആർക്കിടെക്ട് ജോസും രമേശും ബാബുവുമുണ്ടാകും. അതിൽ ജോസ് ഫിലിപ്പ് എന്റെ കസിനാണ്. ഹോട്ടൽ മഹാറാണിയുടെ ലോണിലും അവരുടെയൊക്കെ വീടുകളിലുമൊക്കെയായിയുള്ള കൂട്ടായ്മകൾ വളരെ ആഹ്ലാദകരമായിരുന്നു എന്ന് പ്രത്യകം പറയേണ്ടതില്ലല്ലോ.

രാമചന്ദ്രൻ അവധിയെടുത്താണ് സാൻഫ്രാൻസിസ്ക്കോയിൽ പ്രേമ പഠിക്കുന്ന അതേ യൂണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റ് ചെയ്തത്. അവിടെ ആകെ ഉണ്ടായിരുന്ന മറ്റൊരു മലയാളി പ്രേമ മാത്രമായിരുന്നു. എന്റെ അമേരിക്കൻ സ്വപ്നത്തെപ്പറ്റി നല്ലതുപോലെ അറിയാവുന്ന അദ്ദേഹം തന്നെയാണ് പ്രേമയുടെ കാര്യം ആദ്യം എന്നോടു പറഞ്ഞത്. എനിക്കില്ലാത്തസൽഗുണങ്ങൾ പ്രേമയോട് പൊടിപ്പും തൊങ്ങലും വെച്ചു വിശദീകരിച്ചതും രാമൻ തന്നെയായിരുന്നു. വീട്ടിൽനിന്നു ഫോൺവിളിച്ചപ്പോൾ പ്രേമയെപ്പറ്റി എന്റെ വീട്ടുകാരോടും വളരെ നല്ല അഭിപ്രായംതന്നെയാണ് രാമചന്ദ്രൻ പറഞ്ഞത്. ഞാൻ നാട്ടിൽവന്നപ്പോൾ കണ്ടിഷ്ടപ്പെട്ടു എന്ന് രാമന് അറിയാമായിരുന്നു. രാമചന്ദ്രനെ എനിക്കും നന്നായി അറിയാം. അസ്സൽ ശ്രീരാമനാ ആരെപ്പറ്റിയും ഒരു മോശവും പറയില്ല. എന്നാലും ഏതു കാര്യത്തിലാണെങ്കിലും ഇത്തിരി റിസ്ക്കൊന്നും എടുത്തില്ലെങ്കിൽ ഒന്നും നേടാനാവില്ല എന്നല്ലേ പ്രമാണം. അപ്പോൾപിന്നെ കല്ല്യാണത്തിന്റെ കാര്യത്തിൽ മാത്രം എന്തിന് അതൊക്കെ പാലിക്കാതിരിക്കണം. എന്തായാലും സംഗതി കുറിക്കുകൊണ്ടു. രാമചന്ദ്രൻ നേരത്തെ പറഞ്ഞ സൽഗുണങ്ങൾ കേട്ടിട്ടുതന്നെയാ ആ"പാവപ്പെട്ട വിദ്യാർത്ഥിയെ ഒന്നു പരിചയപ്പെടാൻ പോയത്. അന്നുതൊട്ട് ഇതാ ഇപ്പോഴും കൂടെത്തന്നെയുണ്ട്. സത്യത്തിൽ അതും അതൊന്നുമറിയാതെയാണ് ഞാൻ മാരിയേജ് ബ്യൂറോയിലെ ജമാൽ പറഞ്ഞതനുസരിച്ച് പെണ്ണുകാണാൻ പോയത് എന്നതാണ് ഏറ്റവും രസകരം. അതും ഒരു അയ്യപ്പകോളിന് തിങ്ങിനിറഞ്ഞ ട്രെയിനിൽ മുഴുവൻ സമയവും ഉറക്കമിളച്ചുനിന്നാണ് കോഴിക്കോടുനിന്ന് എറണാകുളം വരെ എത്തിയത്. അവിടെ സാക്ഷാൽ ജമാൽ ആ ശീതകാലത്തെ കുളിരിൽ തലയിൽ ഒരു തോർത്തുകെട്ടി പ്ലാറ്റ്ഫോമിൽ കാത്തു നിൽപ്പുണ്ടായിരുന്നു. ആദ്യം എനിക്ക് ആളെ മനസ്സിലായില്ല. അതു മനസ്സിലാക്കിയ ജമാൽ തോർത്തു തലയിൽനിന്നു മാറ്റി "വാ പോകാം" എന്നു കൽപ്പിച്ചു. അങ്ങനെ അയാളുടെ ബുള്ളറ്റിന്റെ പിറകിൽ കയറി യാത്രയായി. അയാൾ പറഞ്ഞ പെൺകുട്ടിയും രാമചന്ദ്രൻ പറഞ്ഞ പെൺകുട്ടിയും ഒന്നുതന്നെയായിരുന്നു എന്ന് പിറവത്തു ചെന്ന് പെണ്ണിനെ കണ്ടപ്പോഴാണ് മനസ്സിലായത്. അതിനൊക്കെയല്ലേ ഈ നിമിത്തം എന്നൊക്കെ പറയുന്നത്. എന്തായാലും തമ്മിൽ കണ്ടപ്പോൾ ലൗ അറ്റ് ഫസ്റ്റ് സൈറ്റ് എന്നൊക്കെ പറയുന്നതുപോലെ അങ്ങു സംഭവിച്ചു. പക്ഷേ ആർക്ക് ആരോടായിരുന്നു ആദ്യം ഈ ലൗ എന്നൊന്നും തൽക്കാലം പറയുന്നില്ല. എന്നാലും വിവാഹം കഴിഞ്ഞപ്പോൾ അങ്കലാപ്പു മുഴുവൻ രാമചന്ദ്രൻ എന്ന ശ്രീരാമനായിരുന്നു. ഇത്ര പെട്ടെന്നു കല്യാണത്തിൽ കലാശിക്കുമെന്ന് രാമചന്ദ്രൻപോലും വിചാരിച്ചില്ല. അതിനുള്ള പ്രധാനകാരണം പ്രേമക്കു അവധിയില്ല എന്നതായിരുന്നു. എല്ലാം പെട്ടെന്നായിരുന്നു എന്നൊക്കെ പറയുന്നപോലെ. ഉറപ്പിച്ച വിവരംപോലും രാമചന്ദ്രനോട് പറയാൻ വിട്ടുപോയി. എന്തായാലും ആള് ആരോടും ഒന്നുംമിണ്ടാതെ പരിതസ്ഥിതി മന്ത്രാലയത്തിൽനിന്ന് ജോലി രാജിവെച്ചു. ഏതാണ്ട് പത്തുവർഷം കഴിഞ്ഞാണ് പിന്നെ പൊങ്ങിയത്. അമേരിക്കയിൽ എന്തോ കോൺഫ്രൻസിനു വന്നപ്പോൾ എന്നെ വിളിച്ചു. അതും ഞങ്ങൾ എല്ലാം ഓക്കെയാണന്നു കൂട്ടുകാരോടൊക്കെ അന്വേഷിച്ചുറപ്പിച്ച ശേഷമാണ് കേട്ടോ. അപ്പോഴേക്കും രണ്ടു കുട്ടികൾ ജനിച്ചിരുന്നു. നദിയും സന്ധ്യയും. ആൺകുട്ടി കായൽ എത്തിയത് പന്ത്രണ്ടാമത്തെ വർഷമാണ്. ഇതൊക്കെ പറയാൻ കാര്യം അന്നത്തെ അമേരിക്കൻ കല്യാണത്തിന്റെ സാഹസം തന്നെ. ഇന്നത്തെപോലെ അമേരിക്കയിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ കൂടുതൽ വിവരങ്ങൾ അറിയാൻ മറ്റു മലയാളികളോ ഇന്റർനെറ്റ് പോലയുള്ള മാർഗ്ഗങ്ങളോ ഒന്നുതന്നെയില്ലായിരുന്നു. അന്നൊക്കെ അമേരിക്കയിൽ പഠിക്കുന്ന ഒരു പെണ്ണ് എന്നൊക്കെപ്പറഞ്ഞാൽ ആരും കല്ല്യാണം കഴിക്കാൻ തയാറാകുമായിരുന്നില്ല. എന്നാലും അറിയാവുന്ന ഒരാളെങ്കിലും ഉണ്ടല്ലോ എന്നൊരു സമാധാ

> ഇന്നത്തെപോലെ അമേരിക്കയിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ കൂടുതൽ വിവരങ്ങൾ അറിയാൻ മറ്റു മലയാളികളോ ഇന്റർനെറ്റ് പോലയുള്ള മാർഗ്ഗങ്ങളോ ഒന്നുതന്നെയില്ലായിരുന്നു.

നം മാത്രമായിരുന്നു. അങ്ങനെ കല്യാണമൊക്കെ പെട്ടെന്നു കഴിഞ്ഞെങ്കിലും പുവർ സ്റ്റു ഡന്റ് വിസയായതുകൊണ്ട് രണ്ടുവർഷത്തോളമെടുത്തു എനിക്ക് അക്കരെയെത്താൻ. ഇതിനിടക്ക് പല ഗൾഫ് ഓ ഫറുകളും വേണ്ടെന്നുവെച്ചു PWD യിൽ തന്നെ പിടിച്ചുനി ന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ആർ.ഇ.സി ഗെസ്റ്റ് ഹൗസി ലെ താമസം, കുട്ടികളുടെ കൂടെയുള്ള കളികൾ വൈ കുന്നേരത്തെ സാറുമ്മാരു ടെകൂടെയുള്ള ചീട്ടുകളി അത്യാവശ്യം മദ്യപാനം, സാഹിത്യചർച്ചകൾ അങ്ങ നെ ഒരടിപൊളി സെറ്റപ്പ്. അതൊക്കെപോരെ ഒരു സാധാരണ മലയാളിക്ക് സന്തോഷിക്കാൻ.

അങ്ങനെയുള്ള നാട്ടുവി ശേഷങ്ങൾ; അതവിടെ നിൽക്കട്ടെ. അതൊന്നു മല്ലല്ലോ നമ്മൾ പറയാ നിരുന്നത്. അമേരിക്കൻ വിശേഷങ്ങളല്ലേ എല്ലാ വർക്കും അറിയേണ്ടത്. അതുകൊണ്ട് ആദ്യം വിമാനയാത്രയിൽ തുട ങ്ങാം: അന്നൊക്കെ കുറഞ്ഞത് ഒരു മൂന്നു വിമാനമെങ്കിലും കയറണം ഏഴു കടലും കട ക്കണമെങ്കിൽ. സാമ്പത്തിക ഞെരുക്കംകാരണം ഏറ്റവും വിലകുറഞ്ഞ വൺവേടിക്ക റ്റാണ് എടുത്തത്. സിഗപ്പൂർ, ഹോണലൂലലൂ വഴിയായിരുന്നു ആദ്യ യാത്ര. ജീവിതത്തിൽ ആദ്യം കാണുന്ന വിദേശ രാ ജ്യം സിംഗപ്പൂരായിരുന്നു. അന്ന് സിംഗപ്പൂരിൽ എന്റെ കസിൻ ആന്റണി ജോസഫ് ഉണ്ടായി രുന്നതുകൊണ്ട് ഒരുദിവസം അവിടെ തങ്ങിയിട്ടാണ് പോകു ന്നത്. സി.എ കാരനായിരുന്ന ആന്റണി ജോസഫ് അന്ന് ബിസ്ക്കറ്റ് കിംഗ് രാജൻപിള്ള യുടെ പേഴ്സണൽസ്റ്റാഫിൽപെട്ട ആളായിരുന്നു. കേരളത്തിൽനിന്ന് എത്തിയതുകൊണ്ടാകാം സിഗപ്പൂർ ഒരത്ഭുതനഗരമായിട്ടാണ് അന്നെനിക്ക് തോന്നിയത്. അടുക്കും ചിട്ടയുമുള്ള കെട്ടിടങ്ങൾ, ഗതാഗതത്തിലെ മാ ന്യത, സുരക്ഷിതത്വം, ആൾക്കാരുടെ പെരുമാറ്റം എല്ലാം എന്നെ ആകർ ഷിച്ചു. നമ്മുടെ കൊച്ചു കേരളം വി ദ്യാഭ്യാസംകൊണ്ട് അവരെക്കാളും മുൻപന്തിയിലാണങ്കിലും ഇൻഫ്രാ സ്ട്രക്ച്ചർ ഉൾ പ്പെടെ മറ്റു പലകാര്യങ്ങ ളിലും ഒരമ്പതു കൊല്ലം പിറകിലാണെന്ന് അന്ന് തോന്നിയിരുന്നു. ഇപ്പോൾ നാൽപ്പതു കൊല്ലത്തിനു ശേഷവും ആ തോന്നലിന് അൽപ്പംപോലും കുറവില്ല. എന്നെ തല്ലേണ്ടമ്മാവാ ഞാൻ നന്നാവില്ല" എന്ന മട്ടിലാണ് നമ്മുടെയൊക്കെ രീതി. ആന്റണിയുടെ കൂടെ കുറെ കറങ്ങി രാത്രിയിൽ ഡാൻ സ് ഫ്ളോറിലും പോയി പബ്ബിലും പോയി. എന്നാ ലും എങ്ങനെയെങ്കിലും ആ അമേരിക്ക എന്ന സ്വപ്നഭൂമിയിൽ എത്തുക എന്നതുതന്നെയായിരുന്നു എന്റെ അതിയായ മോഹം. അതുകൊണ്ടാ ണ് ആരുടേയും അഭിപ്രായം ആരാ യാതെ സർക്കാരുദ്യോഗം രാജിവെ ച്ചതും. അല്ലെങ്കിൽ തിരിച്ചു വരാ നുള്ള സാധ്യത കൂടും. അത് വേണ്ട എന്നുതന്നെ തീരുമാനിച്ചു. അങ്ങനെ രണ്ടു വള്ളത്തിൽ ചവിട്ടിയാൽ ഒന്നും ശരിയാവില്ല. ഈ ഉപദേശം അമേ രിക്കയിൽ വരുന്ന എല്ലാവരോടും ഞാൻ പറയാറുണ്ടായിരുന്നു. കുറച്ചുകാലം അമേരിക്കയിൽ വന്നു നോക്കിയിട്ട് തിരിച്ചുപോകണം എന്നു വിചാരിച്ചിവിടെ വരുന്നവർ ഒക്കെ പരാജയപ്പെടുകതന്നെ ചെയ്യും. കാരണം അവർ ഒരിക്കലും ഹാർഡ് വർക്ക് ചെയ്യില്ല. അമേരിക്ക ഈസ് എ ലാൻഡ് ഓഫ് ഓപ്പർട്യൂണിറ്റി ഫോർ പീപ്പിൾ ഹു വർക്ക് ഹാർഡ്.

> "നമ്മുടെ കൊച്ചു കേരളം വിദ്യാഭ്യാസംകൊണ്ട് അവരെക്കാളും മുൻപന്തിയിലാണങ്കിലും ഇൻഫ്രാ സ്ട്രക്ച്ചർ ഉൾപ്പെടെ മറ്റു പലകാര്യങ്ങളിലും ഒരമ്പതു കൊല്ലം പിറകിലാണെന്ന് അന്ന് തോന്നിയിരുന്നു.

സിംഗപ്പൂർ കണ്ടതിനുശേഷം ഹോണലൂലു വഴി സാൻഫ്രാൻസി സ്കോയിലേക്കായിരുന്നു പോകേ ണ്ടിയിരുന്നത്. ആ ദൂരയാത്രക്കുള്ള മാനസികമായ തയാറെടുപ്പായിരു ന്നു. കാരണം ആദ്യമായിട്ടാണല്ലോ എല്ലാവരെയും പിരിഞ്ഞുള്ള ആ യാത്ര. ഇന്നെന്നപോലെ ഓർക്കുന്നു അവിടെ എത്താറായ ആ രാത്രി. ഏതാണ്ട് പതിനൊന്നു മണിക്കോ മറ്റോ ആണ് വിമാനം ഇറങ്ങിയത്. ഗോൾഡൻ സ്റ്റേറ്റ് ബ്രിഡ്ജും പ്രകാശ പൂരിതമായ സാൻഫ്രാൻസിസ്ക്കോ നഗരവും കാണാൻ വിൻഡോയിലൂടെ ഒന്ന് എത്തിവലിഞ്ഞു നോക്കി. ആകാശത്തുനിന്നു കണ്ടപ്പോൾ ആദ്യം കണ്ടത് ഉൾക്കടലാണ്. ആദ്യം ഉള്ളൊന്നു കത്തി. പൈല റ്റിന് എന്തെങ്കിലും അബദ്ധം പറ്റി വെള്ളത്തിലാണോ ലാൻഡ് ചെയ്യാൻ പോകുന്നത് എന്നൊരു ഭീതിയാണ് പെട്ടന്നുണ്ടായത്. അങ്ങനെയുള്ള പല കഥകളും പത്രത്തിൽ വായിച്ച റിയാം. പിന്നീട് പതുക്കെപ്പതുക്കെ പ്രകാശപൂരിതമായ കര കാണാൻതു ടങ്ങി. വെള്ളത്തിലെ ലൈറ്റുകളുടെ പ്രതിബിംബം എല്ലാംകൂടി കണ്ടപ്പോൾ ഒരു സ്വപ്നഭൂമിയിലേക്കാണല്ലോ ഈ പാതിരായ്ക്ക് ഇറങ്ങുന്നത് എന്നുതന്നെയാണ് തോന്നിയത്. ഭാര്യ താഴെ അണിഞ്ഞൊരുങ്ങി കാ ത്തുനിൽക്കുന്നുണ്ടല്ലോ എന്നുള്ള ആകാംക്ഷയും സന്തോഷവും ഒക്കെയുണ്ടായിരുന്നു എന്ന കാര്യം മറച്ചുവെക്കുന്നില്ല. അവൾ പഠിത്ത മൊക്കെക്കഴിഞ്ഞു ജോലി കിട്ടി എന്നറിഞ്ഞുകൊണ്ടുതന്നെയാണ് നാട്ടിൽനിന്നു കയറിയതുതന്നെ. എന്നാലും ആദ്യം നാടുവിടുന്ന ഒരു തുടക്കക്കാരന്റെ പ്രശ്നങ്ങളൊക്കെ ഉണ്ടാകാതിരിക്കാൻ ഇടയില്ലല്ലോ. അതൊക്കെ പതുക്കെ പതുക്കെ മനസ്സിലായിത്തുടങ്ങിയത് അവിടെ ജീവിച്ചുതുടങ്ങിയപ്പോഴാണ്. വിശാ ലമായ ഗോൾഡൻ ഗെയിറ്റ് പാർക്കി ന്റെ തൊട്ടടുത്തുള്ള 9 വേ സ്ട്രീറ്റിലെ ഒരപ്പാർട്ട്മെന്റിലേക്കാണ് ആ രാത്രി യിൽ പോയത്. അവിടെയാണ്




ആദ്യം ഒന്നിച്ചു താമസിച്ചുതുടങ്ങിയത്. അങ്ങനെ അമേരിക്കയിലെ ആ ആദ്യരാത്രി ഉറങ്ങാതെ ഉറങ്ങിയെഴുന്നേറ്റു ജനാലയിലൂടെ "ഇതാണോ മാമ്മി പൂലോകം എന്നമട്ടിൽ പട്ടണത്തിലേക്കു നോക്കി. പ്രശസ്തമായ ഗോൾഡൻഗെയ്റ്റ് പാർക്ക് തൊട്ടടുത്തായതുകൊണ്ടു ഇപ്പോഴും വിനോദസഞ്ചാരികളുടെ നല്ല തിരക്കായിരുന്നു. ആ മഹാനഗരത്തിന്റെ നടുക്ക് ആയിരത്തി ഇരുനൂറ് ഏക്കറിൽ പരന്നുകിടക്കുന്ന ഈ പാർക്ക് എനിക്ക് ഒരു അത്ഭുതം തന്നെയായിരുന്നു. ആദ്യമൊക്കെ വൈകുന്നേരങ്ങളിൽ പതിവായി പാർക്കിൽ ഓടാൻ പോകുമായിരുന്നു. പോകുമ്പോഴും വരുമ്പോഴും വഴിയിൽവെച്ച് സുന്ദരിമാരായ സ്ത്രീകളും പെൺകുട്ടികളും വെറുതെ മുഖത്തുനോക്കി ചിരിക്കുന്നു. ആദ്യം അതൊക്കെ കണ്ട് അൽപ്പമൊന്നാഹ്ലാദിച്ചെങ്കിലും. അതവരുടെ സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നു എന്നു പ്രേമ പറഞ്ഞപ്പോഴാണ് കാര്യം മനസ്സിലായത്. അങ്ങനെയാണ് ഞാനും ഏതപരിചിതരെ കണ്ടാലും ആദ്യം ഒന്നു പുഞ്ചിരിക്കാൻ പഠിച്ചത്. പക്ഷേ നാട്ടിൽ വരുമ്പോൾ ആ ശീലം അപകടംതന്നെയാണ്. എന്നാലും അതൊരു നല്ല ശീലമാണെന്ന് എനിക്കും തോന്നിത്തുടങ്ങി. നമ്മുടെ സംസ്ക്കാരത്തിൽ അപരിചിതരെ കാണുമ്പോൾ എതിരെ വരുന്നവർ ഒന്നു നോക്കുകപോലുമില്ല. പ്രത്യേകിച്ചു പെൺകുട്ടികളാണ് ആദ്യം ചിരിക്കുന്നതെങ്കിൽ. അതുകൊണ്ട് പല അപകടങ്ങളും ക്ഷണിച്ചുവരുത്താനുള്ള സാധ്യതയുമുണ്ട്. അതൊക്കെ ഓരോരോ രാജ്യത്തെ ആളുകളുടെ രീതികൾ.

അമേരിക്ക ഒരു സ്വപ്നഭൂമി തന്നെയാണെന്നാണ് ആദ്യംതോന്നിയത്. പക്ഷേ തുടക്കത്തിൽ കുറെ ദുഃസ്വപ്നങ്ങൾകൂടി കാണേണ്ടി വരും. ആദ്യത്തെ കടമ്പ ഡ്രൈവർ ലൈസൻസ് ആണ്. അടുത്ത ദിവസം തന്നെ ഡ്രൈവിങ് ടെസ്റ്റിനു പോയി. ആദ്യം തിയറി പാസ്സാകണം. അത് വളരെ നിസാരമായാണ് തോന്നിയത്. ഇത്രയേയുള്ളു അമേരിക്കയിലെ പരീക്ഷയൊക്കെ എന്നൊക്കെ ഒരഹങ്കാരത്തോടെയാണ് റോഡ് ടെസ്റ്റിനു പോയത്. നാട്ടിൽ ജീപ്പോക്കെ ഓടിക്കുന്നതല്ലേ അതൊക്കെ പുല്ലുപോലെ കിട്ടും എന്നൊരു ആത്മവിശ്വാസം ഉണ്ടായിരുന്നു. ഡ്രൈവിങ്ങ് മാഷിനെ പുഷ്പംപോലെ ഓടിച്ചുകാണിച്ചുകൊടുത്തു. എന്നിട്ട് ഞാൻ ഒരഹങ്കാരത്തിന്റെ ഒരു ചിരി ചിരിച്ചു. മലയാളികളോടോ ഇവന്റെയൊക്കെ കളി എന്ന മട്ടിൽ അയാളെ ഒന്നു ഒളികണ്ണിട്ടുനോക്കി. പക്ഷേ തോറ്റു എന്ന് ഇഗ്ലീഷിൽ എഴുതി ഒരു വെള്ളപേപ്പർ സായിപ്പു കൈയിൽ തന്നപ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. രണ്ടു തെറ്റുകളാണ് മാർക്ക് ചെയ്തിരുന്നത്. ഒന്ന് പിറകോട്ടെടുത്തപ്പോൾ തിരിഞ്ഞുനോക്കിയില്ല. അങ്ങനെ ഒരു സ്വഭാവം നമ്മുടെ ഡിക്ഷ്ണറിയിലേ ഇല്ലല്ലോ. രണ്ടാമത്തേതാണ് രസകരം. സ്പീഡ് അൽപ്പം കൂടുതൽ എന്നാണ്. ഗൾഫിലൊക്കെ അങ്ങനെ ഓടിച്ചാലേ ലൈസൻസ് കിട്ടുകയുള്ളു എന്ന് ആരോ പറഞ്ഞറിയാം. അതുകൊണ്ടാണ് അങ്ങനെ ഒരു ചവിട്ടുചവിട്ടിയത്. ഇടക്കെപ്പഴോ സായിപ്പു കുരിശു വരക്കുന്നതും ഞാൻ ശ്രദ്ധിച്ചു. പേടിച്ചിട്ട് കർത്താവിനെ ഓർത്തതായിരിക്കും എന്ന്

അപ്പോഴാണ് മനസ്സിലായത്. പിന്നീടാണ് ഒരു സുഹൃത്തും എഞ്ചിനീയറുമായ പാട്രിക് ആണ് ആ രഹസ്യം അറിഞ്ഞത്. അമേരിക്കയിൽ ലൈസൻസ് കിട്ടണമെങ്കിൽ ഒരു സ്റ്റുഡന്റ് ഡ്രൈവറെപ്പോലെ വിറച്ചു വിറച്ചു ഓടിക്കണംപോലും. അതൊന്നും പ്രേമപോലും എന്നോടു പറഞ്ഞുതന്നില്ല. ഭർത്താവ് എന്തുകൊണ്ടും ഒന്നു തോക്കുന്നതു നല്ലതാണെന്ന് ഭാര്യക്കു തോന്നിയിരിക്കും. അമ്പടീ ഭയങ്കരീ! .എന്തായാലും രണ്ടാമത്തെ ശ്രമത്തിൽ നിയമങ്ങൾ അനുസരിച്ച് പതുക്കെയൊടിച്ചു. അൽപ്പം നേർവസായിരുന്നതുകൊണ്ട് കൈയും ചെറുതായി ഒന്നു വിറക്കുന്നുണ്ടായിരുന്നു. അന്നൊരു ചൈനാക്കാരനായിരുന്നു. അയാൾ ചിരിച്ചുകൊണ്ട് പാസ്സ് എന്ന് എഴുതിത്തന്നു. ചുമ്മാതല്ല നമ്മുടെ ആദ്യത്തെ പ്രധാനമന്ത്രി ചാച്ചാനെഹ്റു പറഞ്ഞത് "ഇന്തോ-ചൈനാ ഭായി ഭായി അങ്ങനെ ആ ചടങ്ങു കഴിഞ്ഞു.

അടുത്ത ഉദ്യമം ജോലിക്കുള്ള ശ്രമമാണ്. അതിന് ആദ്യം ഒരു കാറുവേണം. കാറില്ലാതെ ജോലി കിട്ടില്ല. കാരണം ബസ്സിൽ കയറിയാൽ ഒരിടത്തും സമയത്തെത്തില്ല. അതിനുവേണ്ടിയുള്ള നെട്ടോട്ടമാണ് ആദ്യം നടത്തിയത്. ആകെയുള്ളതു പ്രേമ ഒരു പാക്കിസ്ഥാൻകാരനോടു മേടിച്ച ഒരു തുക്കടാ ഫോർഡ് മസ്റ്റാങ്. കണ്ടാൽ സുന്ദരൻ സ്പോർട്സ് മോഡൽ. പക്ഷേ കാണാൻ നല്ലത് തിന്നാൻ കൊള്ളില്ല എന്ന പഴയചൊല്ലിൽ പതിരില്ല എന്ന് പിന്നീടാണ് മനസ്സിലായത്. അന്നൊക്കെ ഫോർഡിന് അമേരിക്കക്കാർ തന്നെപറയുന്ന ഒരു ഫുൾഫോമുണ്ട്. ഫൗണ്ട് ഓൺ ദി റോഡ് ഡെഡ്." എത്രദൂരംകൂടി ഓടിയാലാ ഈ ഫോർഡ് നിൽക്കുന്നതെന്ന് ദൈവത്തിനുപോലും പ്രവചിക്കാൻ കഴിയില്ല. എന്തായാലും അമേരിക്കയിൽ വരുന്ന എല്ലാ ഭർത്താക്കന്മാരേയുംപോലെ ഞാനും ഡ്രൈവർ എന്ന എന്റെ ആദ്യത്തെ ജോലി സന്തോഷപൂർവം സ്വീകരിച്ചു. രാവിലെ പ്രേമയെ ജോലിക്കു വിട്ടിട്ടു വേണം ജോലി അന്വേഷിച്ചു പോകാൻ. പിന്നെ അഞ്ചുമണിക്കോ ആറുമണിക്കോ കൊണ്ടുവരാനും പോകണമല്ലോ. ഇതിനിടക്കുള്ള സമയത്താണ് ഈ ജോലി തെണ്ടൽ. അതും പ്രസിഡന്റ് ജിമ്മി കോർട്ടർ ഭരിച്ചു മുടിപ്പിച്ച അമേരിക്കയെ റൊണാൾഡ് റീഗൻ ഏറ്റെടുത്ത സമയം. സാമ്പത്തികമായി അമേരിക്കയിലെ കടക്കെണിയിലാക്കിയ കാലഘട്ടങ്ങളായിരുന്നു ആ സമയങ്ങൾ.

> പ്രസിഡന്റ് ജിമ്മി കോർട്ടർ ഭരിച്ചു മുടിപ്പിച്ച അമേരിക്കയെ റൊണാൾഡ് റീഗൻ ഏറ്റെടുത്ത സമയം. സാമ്പത്തികമായി അമേരിക്കയിലെ കടക്കെണിയിലാക്കിയ കാലഘട്ടങ്ങളായിരുന്നു ആ സമയങ്ങൾ.

മക്ഡോണാൾഡ്സിൽ പോലും ജോലിയില്ലാത്ത അവസ്ഥ. കുറെ തപ്പി നടന്ന് ആരുടെയോ ഭാഗ്യത്തിന് അടുത്തുള്ള സിറ്റിയിൽ ഒരു സ്കൈ റൂഫ് ഉണ്ടാക്കുന്ന ഫാക്ടറിയിൽ ഇന്റർവ്യൂവിനു വിളിച്ചു. അവർക്ക് അത്യാവശ്യമായി അധികം ശമ്പളം ചോദിക്കാത്ത ഒരു എഞ്ചിനീയറെ വേണമായിരുന്നതുകൊണ്ടുമാത്രം ഞാൻ കടന്നുകൂടി. സ്കൈറൂഫിന്റെയൊക്കെ പ്ലാൻ വരച്ച് എസ്റ്റിമേറ്റെടുക്കുന്ന പണി കിട്ടി. വരക്കാൻ താൽപ്പര്യമുണ്ടായിരുന്നതുകൊണ്ട് പണിയൊക്കെ എനിക്കിഷ്ടമായിരുന്നു. പക്ഷേ പ്രശ്നം അതല്ല. അതിത്തിരി അകാലത്തിലായിരുന്നതുകൊണ്ട് പുലിവാലു പിടിച്ചതുപോലെയായി. ആകെയുള്ള ഒരു തുക്കടാ കാറുകൊണ്ട് എങ്ങനെ രണ്ടുപേരു ജോലിചെയ്യും. അതുകൊണ്ട് ഞാൻ തൽക്കാലം ബസ്സിൽ പോകാൻ തീരുമാനിച്ചു. പക്ഷേ ബസ്സ് വ്യവസായമേഖലയിലേക്കു പോകില്ല. തന്നെയുമല്ല ബസ്സിൽ പോയാലും ഒന്നുരണ്ടു കിലോമീറ്റർ നടക്കണം. നാട്ടിൽ ഏതൊക്കെ കാട്ടിലൂടെ നടന്നിരിക്കുന്നു. ചാലിയാർപുഴ കടന്ന് വാഴക്കാട് ഫീൽഡ് ഓഫീസിലേക്കുള്ള വെയിലുംകൊണ്ടുള്ള നടപ്പൊക്കെയാണ് അപ്പോളോർത്തത്. അതുകൊണ്ട് അതത്ര ബുദ്ധിമുട്ടുള്ള കാര്യമായി തോന്നിയില്ല. പക്ഷേ ഇതിപ്പം വാഴക്കാടല്ലല്ലോ സാൻ ഫ്രാൻസിസ്കോയല്ലേ. ഡിസംബർ മാസത്തിലെ ആ കടുത്ത തണുപ്പും മഴയുംകൂടിയുണ്ടെങ്കിലോ. തണുപ്പത്ത് വലിയ ജാക്കറ്റൊക്കെ ഇട്ട് തലമൂടി മൂക്കൊലിപ്പിച്ചുകൊണ്ട് വേഗത്തിൽ നടക്കും. ആ ഭൂപ്രദേശത്ത് അപ്പോൾ കാൽനടയായി നടക്കുന്ന ഒരേയൊരുവ്യക്തി ഞാൻ മാത്രമാണെന്ന് എനിക്കറിയില്ലായിരുന്നു. ഇടയ്ക്കൊക്കെ കാറിൽ അതുവഴി പോകുന്ന സായിപ്പൻമാരൊക്കെ ഈ അത്ഭുതക്കാഴ്ച കണ്ടു. ഇയാൾക്കെന്താ ഭ്രാന്താണോ എന്ന മട്ടിൽ എത്തിനോക്കാറുണ്ടായിരുന്നു. കാറുണ്ടെന്നു നുണ പറഞ്ഞാണ് ജോലിക്കു കയറിയത്. അതുകൊണ്ട് കാറില്ല എന്നുള്ളത് ആരും അറിയാതിരിക്കാൻ ഓഫീസിന്റെ പിറകുവശത്തൂടെയാണ് പലപ്പോഴും കയറാറുണ്ടായിരുന്നത്. ഒരു മൂന്നുമാസത്തോളം അങ്ങനെ പോയെങ്കിലും പതിവായി അൽപ്പം ലേറ്റ് ആയിട്ടാണ് ഓഫീസിൽ എത്താറുണ്ടായിരുന്നത്. അതിത്ര ഗൗരവമുള്ള കാര്യമാണെന്ന് നമ്മൾക്കറിയില്ലല്ലോ. അല്ലെങ്കിലും അങ്ങനെ സമയത്ത് എവിടെയെങ്കിലും എത്തുന്ന ശീലമൊന്നും നമ്മൾക്കില്ലല്ലോ. അതേ കാരണത്താൽത്തന്നെ ഒരുദിവസം ബോസ് ഡോൺ ലിയോൺ ഓഫീസിലേക്കു വിളിച്ചിട്ട് വളരെ സൗമ്യമായി പറഞ്ഞു.

ആൻറണി ഐ വിൽ ലെറ്റ് യു ഗോ.."

ആദ്യം എനിക്ക് ഒന്നും മനസ്സി

ലായില്ല. ഞാൻ അന്തംവിട്ട് ഒരു ചമ്മിയ ചിരിയോടെ അയാളുടെ മുഖത്തേക്കു നോക്കി. അപ്പോൾ അയാൾക്കും കാര്യം പിടികിട്ടി. അതായത് എനിക്ക് ഒന്നും മനസ്സിലായില്ല എന്ന കാര്യം. അതുപിന്നെ അങ്ങനെയാണല്ലോ അവിശ്വനീയമായ കാര്യങ്ങൾകേൾക്കുമ്പോൾ ആർക്കും മനസിലാക്കാൻ കുറച്ചു സമയമെടുക്കും. ഞാൻ ഒന്നും മിണ്ടാതിരുന്നപ്പോൾ അയാൾ വളരെ കൂളായിട്ടു പറഞ്ഞു.

സോറി ആന്റണി ഐ നോ യുവർ സിറ്റുവേഷൻ. ബട്ട് ഐ ഹാവ് നോ ചോയ്സ്. പ്ലീസ് ഗെറ്റ് ദി ഫൈനൽ ചെക്ക് ആൻഡ് ലീവ്.

ചുരുക്കിപ്പറഞ്ഞാൽ പറഞ്ഞുവിട്ടു. "ഫയറിങ്" എന്ന് അമേരിക്കൻ ഭാഷയിൽ പറയും. സായിപ്പിന് കരുണ തോന്നിയതുകൊണ്ടായിരിക്കണം ഒരുമാസത്തെ ശമ്പളം കൂടുതൽ തന്നു. അതുമാത്രം മറന്നിട്ടില്ല. ഒരു കാറുണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ ആ ജോലി നഷ്ടപ്പെടുമായിരുന്നില്ല എന്നുതന്നെയാണ് എനിക്കിപ്പോഴും തോന്നുന്നത്. സമയത്ത് എത്താത്തതുകൊണ്ടാണ് ജോലി പോയതെന്നൊന്നും പ്രേമയോടുപോലും പറഞ്ഞതുമില്ല. അങ്ങനെ ആരെയും വിഷമിപ്പിക്കുന്നതു ശരിയല്ലല്ലോ. ആ പടിയിറക്കത്തിനുശേഷം ജോലിയൊന്നുമില്ലാതെ ദിവസങ്ങൾ തള്ളിനീക്കുമ്പോഴാണ് മറ്റൊരു ട്രാജഡി. നേരത്തെ പറഞ്ഞതുപോലെ ഫോർഡ് മിസ്റ്റാങ് ഒരു ദിവസം വഴിയിൽ നിന്നുപോയി. അത് ആ പാക്കിസ്ഥാൻകാരൻ പ്രേമയെ നല്ല വണ്ടിയാണന്നു വിശ്വസിപ്പിച്ചു തലയിൽ വെച്ചുകൊടുത്തതാണ്. ഞാൻ മനസുനൊന്ത് അവനെ ഒന്നു പ്രാകി. ചുമ്മാതല്ല ഇവനൊക്കെ ഇന്ത്യയോട് ക്രിക്കറ്റിനുപോലും ജയിക്കാത്തത്. കൊടുത്താൽ കൊല്ലത്തും കിട്ടണമെല്ലോ. തൽക്കാലം അതു കിട്ടുന്ന വിലക്കു വിൽക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഒന്നുതന്നെയില്ലായിരുന്നു. പുതിയ ഒരു കാറല്ല; രണ്ടെണ്ണം ഇല്ലാതെ ജീവിക്കാൻ നിവൃത്തിയില്ല. അപ്പോഴാണ് പ്രേമക്ക് മറ്റൊരാശയം ഉദിച്ചത്. നേരത്തെ ജോലി ചെയ്തിരുന്ന വീട്ടിലെ മദാമ്മ നെല്ലിവല്യമ്മയെത്തന്നെ പോയികാണാം. അവർക്കു പ്രേമയെ സ്വന്തം മകളെപ്പോലെ ആയിരുന്നു എന്നുംമറ്റും പറഞ്ഞറിയാം. അങ്ങനെ അവരോടു ഡോളർ പലിശയ്ക്കെടുക്കാൻ തീരുമാനിച്ചു. നെല്ലിവല്യമ്മയെ ഞാനും കണ്ടിട്ടുണ്ട്. ഒരു പാവം സ്ത്രീ. എന്നെ പരിചയപ്പെടുത്താനും കാണിക്കാനായി ഒരു ദിവസം പ്രേമ കൊണ്ടുപോയിരുന്നു. ഞാൻ വിളിക്കാൻ ഒരു രസത്തിന് നെല്ലിക്ക എന്നാണ് അവർക്കിട്ട പേര്. അത് പ്രേമക്ക് അത്ര ഇഷ്ടപെട്ടിട്ടില്ല എന്നെനിക്കറിയാം. അവരുടെ സ്വഭാവവും ഏതാണ്ട് അതുപോലെയാണന്ന് പ്രിയ പറഞ്ഞറിയാം. ആദ്യം കയ്ക്കും പിന്നെ മധുരിക്കും. എന്തു ചെയ്താലും ആദ്യം ദേഷ്യപ്പെടും പിന്നെ തണുക്കും. ഡോളർ വേണമെന്നുപറഞ്ഞപ്പോഴും ആദ്യം ഒന്നു പൊട്ടിത്തെറിച്ചുവെങ്കിലും അവസാനം ചോദിച്ചതിൽ കൂടുതൽ തന്നു. സാക്ഷാൽ നെല്ലിക്കതന്നെ. എന്തായാലും അവരുടെ സഹതാപതരംഗം ഞങ്ങൾക്കനുഗ്രഹമായി. അങ്ങനെ നല്ലിക്കയുടെ സഹായത്തിൽ കാര്യങ്ങൾക്കൊക്കെ ഒരു തീരുമാനമായി. ഒരു പുതിയ ടൊയോട്ടാ കാറും അമേരിക്കൻ കാറും മേടിച്ചു. ഫോർഡല്ല, പഴയ ഒരു മോണ്ടേ കാർലോ. അതുമായി കുറെ സമയം ജോലി അന്വേഷിച്ചുനടന്നു. അവസാനം എനിക്ക് മറ്റൊരു കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി കിട്ടി അതും തൊണ്ണൂറു കിലോമീറ്റർ അകലെ. അതായത് ദിവസവും നൂറ്റിഎൺപതു കിലോമീറ്റർ ഓടിക്കണം. അതുകൂടാതെ ചിലപ്പോൾ സൈറ്റിലേക്കും പോകേണ്ടിവരും. അങ്ങനെ നിർത്താതെയുള്ള ഓട്ടമോടോട്ടംതന്നെ. അതുകൊണ്ടു ഞാൻ പുതിയകാറുതന്നെയാണ് ഉപയോഗിച്ചത്. ദിവസവും കൊച്ചുവെളുപ്പാൻകാലത്തെ ഓട്ടം തുടങ്ങും. അതൊക്കെ പിന്നെ ശീലമായി. അതിനിടയിൽ സാൻഫ്രാൻസിസ്കോ സിറ്റി കോളേജിൽ എഞ്ചിനീയറിംഗ് ഡിസൈൻ പഠിക്കാൻ ഈവനിംഗ് ക്ളാസിൽ പോയി. അതും തിരക്കുകൾക്കിടയിൽ ഒരുതരത്തിൽ പൂർത്തിയാക്കി. അങ്ങനെ ഓടിയോടി എവിടെയൊക്കെയോ എത്തി. പിന്നെ കുട്ടികളായി, കുട്ടികളെ വളർത്തൽ, ഷോപ്പിംഗ്, ജോലിക്കുപോക്ക്, വീട്ടുജോലികൾ അങ്ങനെ ഒരുപാടൊരുപാട് കഷ്ടപ്പാടുകൾ. രണ്ടുപേരും കൂടി പങ്കുവെച്ചു. എല്ലാം ഇവിടെ താൻ പാതി അവൾ പാതി എന്നാണല്ലോ. നാട്ടിലാണങ്കിൽ വല്ലോം അറിയണോ കൈയും കഴുകി വന്നിരുന്നാൽ അമ്മ ഒരു പരാതിയുമില്ലാതെ എല്ലാം വിളമ്പിത്തരും. പക്ഷേ ഇതമേരിക്കയാ അമേരിക്ക. സ്വർഗ്ഗലോകം. എല്ലാം സമം സമം. സത്യത്തിൽ, ഞങ്ങളും ഞങ്ങളറിയാതെ പതുക്കെ പതുക്കെ അമേരിക്കൻ ജീവിതത്തിന്റെ മുഖ്യധാരയിൽ എത്തുകയായിരുന്നു. ഇനിയുമുണ്ട് കദനകഥകൾ, അതൊക്കെ എഴുതിയാൽ തീരില്ല. എന്തുതന്നെയായാലും കഠിനാധ്വാനം ചെയ്യുന്നവർക്ക് ഇവിടെ അതിരുകൾ ആകാശത്തിനും അപ്പുറത്താണ്. തീർച്ചയായും ഒരവസരങ്ങളുടെ പറുദീസ തന്നെയാണ് മാനവസ്വാതന്ത്ര്യത്തിന്റെ പ്രതീകമായ ഈ ഐക്യനാടുകൾ.

ഇതമേരിക്കയാ അമേരിക്ക. സ്വർഗ്ഗലോകം. എല്ലാം സമം സമം. സത്യത്തിൽ, ഞങ്ങളും ഞങ്ങളറിയാതെ പതുക്കെ പതുക്കെ അമേരിക്കൻ ജീവിതത്തിന്റെ മുഖ്യധാരയിൽ എത്തുകയായിരുന്നു.